<u>എല്ലാ എഡിഷനിലും പ്രസിദ്ധീകരണത്തിന്</u>

**കേരള കലാമണ്ഡലം കല്പിത സർവകലാശാല**

വള്ളത്തോൾ നഗർ

**ബി.എ.ഡിഗ്രി 2018 അദ്ധ്യയനവർഷത്തിലേക്കുള്ള പ്രവേശന വിജ്ഞാപനം**

---

നമ്പർ:കെ.കെ.എം.ഡി.യു./ഇ-2/1490/2018 തിയതി : 16/05/2018

---

കേരള കലാമണ്ഡലം കല്പിത സർവകലാശാലയിൽ താഴെപ്പറയുന്ന ബിരുദ കോഴ്സുകളിലേക്ക് (CBCSS Programme) പ്ലസ്ടുവിന് ഉപരിപഠനയോഗ്യത ലഭിച്ച വിദ്യാർത്ഥി(നി)കൾക്ക് അപേക്ഷിക്കാവുന്നതാണ്. 2018 ജൂൺ 1-ന് 23 വയസ്സിൽ കവിയാൻ പാടില്ല.

1. **കഥകളി വേഷം വടക്കൻ** *(ആൺക്കുട്ടികൾക്ക് മാത്രം)*
2. **കഥകളി വേഷം തെക്കൻ** *(ആൺക്കുട്ടികൾക്ക് മാത്രം)*
3. **കഥകളി സംഗീതം** *(ആൺക്കുട്ടികൾക്ക് മാത്രം)*
4. **കഥകളി ചെണ്ട** *(ആൺക്കുട്ടികൾക്ക് മാത്രം)*
5. **കഥകളി മദ്ദളം** *(ആൺക്കുട്ടികൾക്ക് മാത്രം)*
6. **കഥകളി ചുട്ടി** *(ആൺക്കുട്ടികൾക്ക് മാത്രം)*
7. **കൂടിയാട്ടം** പുരുഷ വേഷം
8. **കൂടിയാട്ടം** സ്ത്രീ വേഷം
9. **മിഴാവ്** *(ആൺക്കുട്ടികൾക്ക് മാത്രം)*
10. **തുള്ളൽ** *(ആൺക്കുട്ടികൾ/പെൺക്കുട്ടികൾ)*
11. **മൃദംഗം** *(ആൺക്കുട്ടികൾക്ക് മാത്രം)*
12. **തിമില** *(ആൺക്കുട്ടികൾക്ക് മാത്രം)*
13. **കർണ്ണാടകസംഗീതം** *(ആൺക്കുട്ടികൾ/പെൺക്കുട്ടികൾ)*
14. **മോഹിനിയാട്ടം** *(പെൺക്കുട്ടികൾക്ക് മാത്രം)*

പൂരിപ്പിച്ച അപേക്ഷയോടൊപ്പം, തൃശ്ശൂർ ജില്ലയിലെ പാഞ്ഞാൾ എ.സ്.ബി.ഐ.ശാഖയിൽ **രജിസ്ട്രാർ, കേരള കലാമണ്ഡലം** എന്ന പേരിലുള്ള **30238237798** അക്കൗണ്ട് നമ്പറിലേക്ക് **(IFSC Code SBIN0008029)** 300/- രൂപ അടവാക്കിയ ഒറിജിനൽ കൗണ്ടർ ഫോയിൽ (account pay-in slip) അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ അപേക്ഷകർക്ക് 100/- രൂപ അടച്ചാൽ മതിയാകുന്നതാണ്.

അപേക്ഷയും വിശദവിവരങ്ങൾ അടങ്ങിയ പ്രോസ്പെക്ടസ്സും കലാമണ്ഡലം വെബ്സൈറ്റിൽ നിന്ന് 2018 മെയ് 17-ാം തിയതി മുതൽ A3 പേപ്പറിൽ ഡൗൺലോഡ് ചെയ്യാവുന്നതാണ്. പൂരിപ്പിച്ച അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തിയ്യതി 2018 മെയ് 28, ജൂൺ 6-ന് നടക്കുന്ന അഭിമുഖത്തിന്റ അടിസ്ഥാനത്തിലായിരിക്കും പ്രവേശനം. പ്രവേശനവും ക്ലാസുകൾ ആരംഭിക്കുന്നതും ജൂൺ 18. പൂരിപ്പിച്ച അപേക്ഷകൾ വയസ്സ്, ജാതി എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെയും മാർക്ക്ലിസ്റ്റുകളുടെയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകളോടുകൂടി **രജിസ്ട്രാർ, കേരള കലാമണ്ഡലം, വള്ളത്തോൾ നഗർ, തൃശ്ശൂർ ജില്ല-679 531** എന്ന പേരിൽ **2018 മെയ് 28-ാം തിയതി 5.00 മണിക്ക്** മുമ്പായി ലഭിച്ചിരിക്കേണ്ടതാണ്.

sd/-

**രജിസ്ട്രാർ**
കേരള കലാമണ്ഡലം